# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P9/993/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 23/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P9/993/2022 തീയ്യതി: 23/07/2022

## കൊല്ലം ജില്ലയിലെ പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിനു് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിനു് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിനു് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അമ്പിളി.എം.ഡി. | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 17-05-2022 | 25-05-2022 |

ഓഡിറ്റിനു് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-05-2022 | 25-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഐസക്ജോൺ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.അരുൺജിത്ത് ജി.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അനിൽകുമാർ എസ്.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സുനിൽകുമാർ യു.എസ്.,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ആർ.ആനന്ദരാജൻ | പ്രസിഡന്റ് | 01-04-2020 | 30-11-2020 |

| | | | |
|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 01-12-2020 | 30-12-2020 |
| ശ്രീമതി രമാദേവി | പ്രസിഡന്റ് | 31-12-2020 | 31-03-2021 |
| ശ്രീ.അരുൺ അലക്സാണ്ടർ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഷാനവാസ് ഇ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.റാണിചന്ദ്രൻ | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.സിനി | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.ജെറിൻ റ്റി.ജോർജ്ജ് | വെറ്ററിനറി സർജൻ | 01-04-2020 | 23-06-2020 |
| ഡോ.അനീഷ് എം.കെ. | വെറ്ററിനറി സർജൻ | 24-06-2020 | 31-03-2021 |
| ശ്രീമതി സിന്ധു എൽ. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി സ്മിത എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഗിരിജ കെ. | ഹെഡ് മിസ്ട്രസ്സ് | 01-04-2020 | 20-06-2020 |
| ശ്രീമതി ശ്രീലത എസ്. | ഹെഡ് മിസ്ട്രസ്സ് (അധിക ചുമതല) | 21-06-2020 | 30-06-2020 |
| ശ്രീമതി ബിന്ദു എസ്. | ഹെഡ് മിസ്ട്രസ്സ് | 01-07-2020 | 31-03-2021 |
| ശ്രീ.ബാബു ശാമുവൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി റഹിലത്ത് ബീവി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 05-06-2020 |
| ശ്രീ.ബിനുകുമാർ റ്റി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി നിത്യ എസ്. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sunilkumar.U.S (Auditor, On 24-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Sunilkumar.U.S (Auditor, On 24-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Arunjith G (Senior Grade Auditor, On 29-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 1-2.1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Sunilkumar.U.S (Auditor, On 24-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Arunjith G (Senior Grade Auditor, On 29-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Sunilkumar.U.S (Auditor, On 24-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Arunjith G (Senior Grade Auditor, On 29-05-2022)<br>Last Updated By: Sreekumar.S (Auditor, On 23-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Anilkumar S (Senior Grade Auditor, On 24-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Sunilkumar.U.S (Auditor, On 24-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)<br>Written By: Sunilkumar.U.S (Auditor, On 24-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sunilkumar.U.S (Auditor, On 24-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 1-10 |
| 12 | Online Payment സംവിധാനം ഉപയോഗിച്ച് നികുതി ഒടുക്കുന്നവരിൽ നിന്നും സേവനഉപനികുതി ഈടാക്കുന്നില്ല<br>Written By: Sunilkumar.U.S (Auditor, On 24-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 1-11 |
| 13 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല<br>Written By: Sunilkumar.U.S (Auditor, On 25-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 1-12 |
| 14 | നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ശമ്പളം നൽകുന്നതിന് തുക ചെലവഴിച്ചു<br>Written By: Sunilkumar.U.S (Auditor, On 24-05-2022)<br>Last Updated By: Sreekumar.S (Auditor, On 23-07-2022) | 1-13 |
| 15 | ലേലത്തുകയിൽ നിന്ന് ജി.എസ്.ടി.ഈടാക്കിയില്ല<br>Written By: Sunilkumar.U.S (Auditor, On 25-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 1-14 |
| 16 | പത്താംതരം,ഹയർസെക്കന്ററി തുല്യത-ഒരിക്കൽ രജിസ്റ്റർ ചെയ്ത പഠിതാക്കളെ ഉൾപ്പെടുത്തി വീണ്ടും രജിസ്ട്രേഷന് തുക ചെലവഴിച്ചു.<br>Written By: Anilkumar S (Senior Grade Auditor, On 25-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 1-15 |

| | | |
|---|---|---|
| 17 | വീട്പുനരുദ്ധാരണം-രേഖകളുടെ അഭാവത്തിൽ 11,19,249/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 25-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 1-16 |
| 18 | കിണർ വക്ക് കെട്ട്, വിവാഹധനസഹായം എന്നീ പദ്ധതി നിർവ്വഹണം-രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല.<br>Written By: Anilkumar S (Senior Grade Auditor, On 25-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 1-17 |
| 19 | ഇ-ടെണ്ടർ ഫാറവില തിരികെ ഈടാക്കിയിട്ടില്ല.<br>Written By: Issac John (Audit Officer (HG), On 27-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 1-18 |
| 20 | മരാമത്ത് പ്രവൃത്തികൾ കരാർ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാതിരുന്നതിനുള്ള പിഴ ഈടാക്കിയില്ല- 26,581/-രൂ.<br>Written By: Issac John (Audit Officer (HG), On 27-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 1-19 |
| 21 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ₹5,00,000/- ടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Arunjith G (Senior Grade Auditor, On 29-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 1-20 |
| 22 | തെരുവുവിളക്കുകളുടെ പരിപാലനം- രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.<br>Written By: Arunjith G (Senior Grade Auditor, On 29-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 1-21 |
| 23 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല<br>Written By: Arunjith G (Senior Grade Auditor, On 29-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 1-22 |
| 24 | വിനിയോഗ വിവരം ലഭ്യമല്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Arunjith G (Senior Grade Auditor, On 29-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 1-23 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പത്താംതരം, ഹയർസെക്കന്ററി തുല്യത-ഒരിക്കൽ രജിസ്റ്റർ ചെയ്ത പഠിതാക്കളെ ഉൾപ്പെടുത്തി വീണ്ടും രജിസ്ട്രേഷന് തുക ചെലവഴിച്ചു.<br>Written By: Anilkumar S (Senior Grade Auditor, On 26-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sunilkumar.U.S (Auditor, On 24-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sunilkumar.U.S (Auditor, On 24-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sunilkumar.U.S (Auditor, On 24-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sunilkumar.U.S (Auditor, On 24-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 4-4 |
| 5 | വായ്പ /വായ്പാതിരിച്ചടവ്<br>Written By: Sunilkumar.U.S (Auditor, On 24-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപം<br>Written By: Sunilkumar.U.S (Auditor, On 24-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sunilkumar.U.S (Auditor, On 24-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 4-7 |
| 8 | സമാഹ്യത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികയുടെ വിശദാംശം<br>Written By: Sunilkumar.U.S (Auditor, On 24-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sunilkumar.U.S (Auditor, On 24-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sunilkumar.U.S (Auditor, On 29-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sunilkumar.U.S (Auditor, On 24-05-2022)<br>Last Updated By: Santhosh N (Computer Assistant, On 23-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

09.03.2020-ലെ 4(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 12.02.2021-ലെ 8(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 31.05.2021 | ബാധകമല്ല | - |

### 1-2.1 വാർഷിക ധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. വാർഷിക ധനകാര്യപത്രിക RP 40(b) ഷെഡ്യൂൾ പ്രകാരം ഹെഡ് നം. 450230106 ജില്ലാ സഹകരണ ബാങ്ക് (സിആർഎഫ്) എന്ന പേരിലുള്ള ബാങ്ക്അക്കൗണ്ടിൽ 31.03.21 ൽ ₹611/-ബാലൻസ് ഉണ്ട്. പ്രസ്തുത അക്കൗണ്ടിന്റെ പൊരുത്തപ്പെടുത്തൽ പത്രിക, ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

2. വസ്തുനികുതിയുടെ സർവ്വീസ് സെസ് ഇനത്തിലെ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ തുകകൾ വാർഷികധനകാര്യപത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3. വസ്തുനികുതി കുടിശികകളുടെ ബുക്ക് അഡ്ജസ്റ്റ്മെന്റ് തുകകളുടെ കൃത്യത കാണിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. പുതിയ നിർമ്മാണ പ്രവർത്തികൾക്കായി നൽകിയ പാർട്ട്ബിൽ തുക ചെലവ് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി നൽകിയത് പ്രകാരം ₹11,01,047/- ആണ്. വാർഷിക ധനകാര്യപത്രിക B.11(a) - വർക്ക് ഇൻ പ്രോഗ്രസ് എന്ന ഷെഡ്യൂൾപ്രകാരം ₹15,81,155/- എന്നാണ് കാണിച്ചിട്ടുള്ളത്. ₹4,80,108/-ടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്

5. ആസ്തിരജിസ്റ്റർ മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. ലൈഫ് ലോൺ വരവ്, തിരിച്ചടവ് വിവരങ്ങൾ രേഖപ്പെടുത്തിയ ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7. മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് ഫണ്ടിൽ നിന്നും ₹35,310/- ടെ സോഴ്സ് ഡിഡക്ഷൻ നടത്തിയതുമൂലമുണ്ടായ ചെലവ് സുലേഖ സ്റ്റേറ്റുമെന്റിൽ ഉൾപ്പെട്ടിട്ടില്ല.

8. ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക ബി-18 ഷെഡ്യൂൾ പ്രകാരം വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കെഎസ് ഇബി ലിമിറ്റഡിൽ ₹7,40,745/- വിവിധ വർഷങ്ങളിലായി നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 68,58,039/-രൂപ |
| വരവ് | 6,54,10,650/-രൂപ |
| ആകെ | 7,22,68,689/-രൂപ |
| ചെലവ് | 6,29,66,216/-രൂപ |
| നീക്കിയിരിപ്പ് | 93,02,473/-രൂപ |
| വരവ് നഷ്ടം | 0 |

| | |
|---|---|
| ചെലവ് നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 17,150/-രൂപ |
| തടസ്സപ്പെടുത്തിയ തുക | 20,54,249/-രൂപ |

1-4 ഗ്രാന്റ് വിനിയോഗം

(A) സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ കണക്കുകൾ പ്രകാരം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ലാപ്സായ തുക ₹ | ക്യൂബിൽ തുക ₹ |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,03,09,500/- | 1,03,09,500/- | 1,01,85,317/- | 1,24,183/- | - |
| വികസനഫണ്ട് (എസ്.സി.പി) | 0 | 81,04,058/- | 81,04,058/- | 64,72,000/- | 16,32,058/- | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്-അൺടൈഡ്) | 0 | 65,48,264/- | 65,48,264/- | 61,51,334/- | 3,96,930/- | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 40,10,000/- | 40,10,000/- | 13,65,563/- | 26,44,437/- | - |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 1,51,93,000/- | 1,51,93,000/- | 1,47,29,824/- | 4,63,176/- | - |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 34,91,000/- | 34,91,000/- | 34,27,886/- | 63,114/- | - |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | | |
| ശുചിത്വ മിഷൻ | 16,48,647/- | 16,09,737/- | 32,58,384/- | 11,98,237/- | 20,60,147/- | 0 |
| ലൈഫ് മിഷൻ-സംസ്ഥാന വിഹിതം | 23,276/- | 10,00,000/- | 10,23,276/- | 2,83,276/- | 7,40,000/- | 0 |
| എംജിഎൻആർഇജിഎ (സംസ്ഥാന വിഹിതം) | 1,674/- | 10,12,150/- | 10,13,824/- | 10,10,077/- | 3,747/- | 0 |
| മറ്റ് ഫണ്ടുകൾ | 0 | 48,321/- | 48,321/- | 48,321/- | 0 | 0 |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ഐസിഡിഎസ് | 11,01,580/- | 6,32,464/- | 17,34,044/- | 5,39,236/- | 11,94,808/- | 0 |

(B) ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവുകണക്കുകൾ

ജി.ഒ. പ്രോജക്ട് പ്രകാരം സോഴ്സിൽ നിന്നും കുറവുചെയ്ത തുകകൾ ഗ്രാന്റ് സ്റ്റേറ്റുമെന്റിന്റെ വരവ് ഭാഗത്ത് ഉൾപ്പെടുത്തിയിട്ടില്ല, എന്നാൽ ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റുമെന്റിലെ വരവിലും നീക്കിബാക്കിയിലും പ്രസ്തുത വ്യത്യാസം പ്രതിഫലിച്ചിട്ടുണ്ട്.

(ബി) കേന്ദ്രാവിഷ്കൃത ഫണ്ടുകൾ

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള CSS മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ വാർഷികകണക്കിലെ യഥാർഥ തുകകളുമായി പൊരുത്തപ്പെടുന്നില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ഫണ്ടുകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

(സി) സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള SSS മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ വാർഷികകണക്കിലെ യഥാർഥ തുകകളുമായി പൊരുത്തപ്പെടുന്നില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ഫണ്ടുകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 229 | 9,47,57,674/- | 167 | 5,02,93,982/- | 31 | 24 | 72.92 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,674/- | 10,12,150/- | 10,13,824/- | 10,10,077/- | 3747/- |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 4,28,38,756/- | 4,28,38,756/- | 4,28,38,756/- | 0 |
| ആകെ | 1,674/- | 4,38,50,906/- | 4,38,52,580/- | 4,38,48,833/- | 3,747/- |

ഭരണ ചെലവുകൾ വരവ് തുകയിൽ 2073/-രൂപ പലിശ വരവ് കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 23280/- | 21 |
| കർഷകതൊഴിലാളി പെൻഷൻ | 2004300/- | 140 |
| വിധവാപെൻഷൻ | 12587200/- | 869 |
| വാർദ്ധക്യകാലപെൻഷൻ | 21422100/- | 1690 |
| വികലാംഗപെൻഷൻ | 3394500/- | 231 |
| അൻപത് വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 377200/- | 29 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.05.2022- ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3418/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ പൂർണ്ണമായും കാര്യക്ഷമമല്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. കണക്കുകളുടെ റീകൺസീലിയേഷൻ കൃത്യമായി നടത്തി സൂക്ഷിക്കുന്നുണ്ട്. പഞ്ചായത്തിലെ വൗച്ചറുകൾ കൃത്യമായി ഫയൽചെയ്തു സൂക്ഷിക്കുന്നുണ്ട്. അനുബന്ധ രജിസ്റ്ററുകളും, വിതരണം നടത്തിയ ചെക്കുകളുടെ കൗണ്ടർ ഫോയിലുകളും സ്റ്റേറ്റ്മെന്റുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

പഞ്ചായത്ത് കമ്മിറ്റിയുടെയും, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും ഭാഗത്തുനിന്നും പദ്ധതി നിർവ്വഹണ അധികാരികൾക്കുമേൽ, പദ്ധതി നിർവ്വഹണം സംബന്ധമായി, കൂടുതൽ കാര്യക്ഷമമായ മേൽനോട്ടവും നിയന്ത്രണങ്ങളും ഉണ്ടാകേണ്ടതാണ്. വി. ഇ. ഒ. നിർവ്വഹണം നടത്തിയ ഭവന

നിർമ്മാണ പദ്ധതികളുൾപ്പെടെയുള്ള പദ്ധതികളുടെ ഫയലുകളിൽ സ്റ്റേജ് സർട്ടിഫിക്കറ്റുകളും, മോണിറ്ററിംഗ് സമിതി റിപ്പോർട്ടുകളും വി ഇ ഒ യുടെ തന്നെ സാക്ഷ്യപത്രങ്ങളും സൂക്ഷിച്ചിരുന്നില്ല. ഗുണഭോക്തൃ രജിസ്റ്ററുകൾ പൂർണ്ണമല്ല.

വിവിധ ഏജൻസികൾ വഴി നിർവ്വഹണം സാദ്ധ്യമാക്കുന്ന പദ്ധതികളിൽ, പദ്ധതിത്തുക നിക്ഷേപിച്ച ശേഷമുള്ള തുടർ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിലും അവയുടെ സമയബന്ധിതവും കാര്യക്ഷമവുമായ പൂർത്തീകരണത്തിലും അധികൃതർ കൂടുതൽ ശ്രദ്ധപുലർത്തേണ്ടതായിട്ടുണ്ട്. അപാകതകൾ ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.01.2022 | 04/21 To 09/21 | 11.02.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.03.2017-15.03.2017 | 2011-12 To 2015-16 | 20.04.2017 |

### 1-11 Online Payment സംവിധാനം ഉപയോഗിച്ച് നികുതി ഒടുക്കുന്നവരിൽ നിന്നും സേവനഉപനികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ 12.04.2018-ലെ 19/1-ാം നമ്പർ തീരുമാന പ്രകാരം വസ്തുനികുതിയുടെ 10% തുക സേവനഉപനികുതി ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം മുതൽ സേവനനികുതി ഈടാക്കി വരുന്നെങ്കിലും സഞ്ചയയിലെ ഡിമാന്റിൽ ഇത് ഉൾപ്പെടുത്താത്തത് മൂലം Online Payment സംവിധാനം ഉപയോഗിച്ച് നികുതി ഒടുക്കുന്നവരിൽ നിന്നും സേവനഉപനികുതി ഈടാക്കുന്നതിന് സാധിക്കുന്നില്ല. ഈ വിഷയം നിരവധി തവണ ഐ.കെ.എം. ന്റെ ശ്രദ്ധയിൽക്കൊണ്ടുവന്നെങ്കിലും 2022-23 സാമ്പത്തിക വർഷം മുതലാണ് ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തന്മൂലം ഓഡിറ്റ് വർഷവും, 2021-22 സാമ്പത്തിക വർഷവും Online Payment സംവിധാനം ഉപയോഗിച്ച് നികുതി ഒടുക്കുന്നവരിൽ നിന്നും സേവനനികുതി ഈടാക്കാൻ സാധിച്ചില്ല. കോവിഡ് മഹാമാരി പടർന്ന് പിടിച്ച 2020-21,2021-22 സാമ്പത്തിക വർഷങ്ങളിൽ ഭൂരിഭാഗം ആളുകളും Online Payment മുഖേന നികുതി ഒടുക്കിയതിനാൽ ഈ ഇനത്തിൽ ചെറുതല്ലാത്ത വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | വസ്തുനികുതി ഇനത്തിൽ ഒടുക്കിയ തുക (Online Payment) ഗ്രന്ഥശാലവരി ഒഴികെ | സേവനനികുതി ഇനത്തിൽ ലഭിക്കേണ്ട തുക (10%) |
|---|---|---|
| 2018-19 | 19520.6 | 1952.06 |
| 2019-20 | 46094.95 | 4609.5 |
| 2020-21 | 128044.8 | 12804.48 |
| ആകെ | | 19366.04 |

ഈ ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക ഈടാക്കി തനത്ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-9/23.05.2022

### 1-12 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

മൂന്ന് വർഷത്തിൽ അധികമായി അവകാശം ഉന്നയിക്കാതെ കിടക്കുന്ന ഡെപ്പോസിറ്റ് തുകകൾ കാലഹരണപ്പെട്ടതായി കണക്കാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണെന്ന് കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1 ആർട്ടിക്കിൾ 282-ൽ വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപ്പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഇത്തരത്തിലുള്ള തുകകൾ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടാതെ ഡെപ്പോസിറ്റ് തുകയായി തുടർന്നുവരുന്നതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ഇനം | തുക (₹) |
|---|---|---|
| 2017-18 | Contractors EMD | 1,800/- |
| 2013-14 | Suppliers EMD | 5,000/- |
| 2016-17 | | 8,700/- |
| 2017-18 | | 5,500/- |
| 2017-18 | Bidders EMD | 21,500/- |
| 2016-17 | Suppliers Security Deposit | 1,500/- |
| 2017-18 | | 1,000/- |
| ആകെ | | 45,000/- |

മേൽ പറഞ്ഞ ഇനത്തിൽ ലഭിച്ച തുകകൾ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

1-13 നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ശമ്പളം നൽകുന്നതിന് തുക ചെലവഴിച്ചു

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ *പി.എച്ച്.സി. കുടുംബാരോഗ്യ കേന്ദ്രമായി മാറുമ്പോൾ അധിക ജീവനക്കാരുടെ വേതനം* എന്ന പദ്ധതിയിൽ വികസനഫണ്ടിന് പകരം നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പി.എച്ച്.സി. കുടുംബാരോഗ്യ കേന്ദ്രമായി മാറുമ്പോൾ അധിക ജീവനക്കാരുടെ വേതനം |
| പ്രോജക്ട് നമ്പർ | 77/2021 |
| നിർവ്വഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| അടങ്കൽ | 2,00,000/-രൂപ (M.G.(non-road)) |
| ചെലവ് | 51,600/-രൂപ |
| ബിൽ നം. | 21/29.03.2021 |

പി.എച്ച്.സി. കുടുംബാരോഗ്യ കേന്ദ്രമായി മാറുമ്പോൾ അധികമായി നിയമിക്കേണ്ടി വരുന്ന ഡോക്ടർ, ഫാർമ്മസിസ്റ്റ് എന്നിവർക്ക് വേതനം നൽകുന്നതിന് വേണ്ടിയുള്ള പദ്ധതിയാണിത്. ഈ പദ്ധതിയിൽ താൽക്കാലികമായി നിയമിച്ച ഡോക്ടറുടെ വേതനമിനത്തിൽ 51600/-രൂപ നോൺ റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 17.01.2019- ലെ 442/ഡി.ബി.2/18 നമ്പർ സർക്കുലറിൽ, ഇത്തരത്തിൽ നിയമിക്കപ്പെടുന്ന ഡോക്ടർമാർക്ക് ശമ്പളം നൽകുന്നതിന് തനത്ഫണ്ടോ, വികസനഫണ്ടോ ഉപയോഗിക്കാവുന്നതാണെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ കൈമാറിക്കിട്ടിയിട്ടുള്ള സ്ഥാപനങ്ങളുടെ അറ്റകുറ്റപണികൾക്ക് വിനിയോഗിക്കുന്നതിനായി അനുവദിച്ച നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റാണ് പഞ്ചായത്തിൽ വിനിയോഗിച്ചിട്ടുള്ളത്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾക്ക് തുക വകയിരുത്തുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് പഞ്ചായത്ത് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.
അന്വേഷണക്കുറിപ്പ്- 01/21.05.2022

1-14 ലേലത്തുകയിൽ നിന്ന് ജി.എസ്.ടി.ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചെളിക്കുഴി പബ്ലിക് മാർക്കറ്റിൽ താൽക്കാലിക സ്റ്റാൾ കെട്ടി കശാപ്പ് ചെയ്ത മാട്ടിറച്ചി വിൽപ്പന നടത്തുന്നതിനുള്ള അവകാശം ശ്രീ. നാഗൂർ മീരാൻ എന്ന വ്യക്തിക്ക് 09.03.2020-ലെ IX (I)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് നൽകിയിട്ടുണ്ട്. 3,80,000/-രൂപക്കാണ് ലേലം ഉറപ്പിച്ച് നൽകിയത്. ലേല സംഖ്യയും, നിയമാനുസൃതമായ ചരക്ക്-സേവന നികുതിയും ഉൾപ്പെടെയുള്ള തുക ലേലം സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തണമെന്നാണ് ലേല നിബന്ധന സംബന്ധിച്ച നോട്ടീസിൽ പറഞ്ഞിരുന്നത്. ഈ വ്യവസ്ഥ പ്രകാരം 18% ജി.എസ്.ടി. ഉൾപ്പെടെ 4,48,400/-രൂപ ഒടുക്കു വരുത്തേണ്ടതാണ്. എന്നാൽ 3,80,000/-രൂപ മാത്രമാണ് ശ്രീ. നാഗൂർ മീരാൻ പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തിയിട്ടുള്ളത്. ജി.എസ്.ടി. ഓഫീസിൽ നിന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് നികുതി ഈടാക്കാഞ്ഞതെന്നും തുടർന്നുള്ള വർഷങ്ങളിൽ നികുതി ഈടാക്കിയിട്ടുണ്ടെന്നും ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (10/23.05.2022) സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. 01.07.2017-മുതൽ പ്രബല്യത്തിൽ വന്ന ചരക്ക് സേവന നികുതി നിയമത്തിൽ തദ്ദേശ സ്വയംഭരസ്ഥാപനങ്ങൾക്ക് ബാധകമായ നികുതി നിരക്കിൽ കെട്ടിടം/ഓഡിറ്റേറിയം/മാർക്കറ്റ് എന്നിവ വാടകകയ്ക്ക് നൽകുമ്പോൾ 18% നികുതി (HSN Code-9972) ഈടാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ സെക്രട്ടറി നൽകിയ മറുപടി അംഗീകരിക്കാവുന്നതല്ല. ജി.എസ്.ടി. ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന 68,400/- (448400-3,80,000) രൂപ ലേലം സ്ഥിരപ്പെടുത്തി നൽകിയ

സെക്രട്ടറിയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട സർക്കാർ അക്കൗണ്ടിൽ ഒടുക്കുവരുത്തി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-10/23.05.2022

1-15 പത്താംതരം,ഹയർസെക്കന്ററി തുല്യത-ഒരിക്കൽ രജിസ്റ്റർ ചെയ്ത പഠിതാക്കളെ ഉൾപ്പെടുത്തി വീണ്ടും രജിസ്ട്രേഷന് തുക ചെലവഴിച്ചു.

പ്രോജക്റ്റ് നമ്പർ-S0091/21

അടങ്കൽ തുക – 17150/-രൂപ (വികസനഫണ്ട്-ജനറൽ)

ചെലവ്-17150/-രൂപ

ബിൽനം തിയതി-06/20-21, 18.3.21

നിർവ്വഹണം-ഹെഡ് മാസ്റ്റർ

2020-21 വർഷത്തിൽ പത്താംതരം, ഹയർസെക്കന്ററി തുല്യത പരീക്ഷ രജിസ്ട്രേഷൻ ഫീസിനത്തിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചു.

| ഇനം | ഒരു പഠിതാവിന്റെ രജിസ്ട്രേഷൻ ഫീസ്(₹) | ആകെ |
|---|---|---|
| പത്താംതരം തുല്യത | 1,850/- | 7,400/-(4*1850) |
| ഹയർസെക്കന്ററി തുല്യത | 1,950/- | 9,750/-(1950*5) |
| ആകെ | | 17,150/- |

2019-20 വർഷത്തിൽ രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ രജിസ്ട്രേഷൻ സാക്ഷ്യപത്രം,ഹാൾടിക്കറ്റ് എന്നിവയാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. 2020-21വർഷത്തിൽ പത്താംതരം ,ഹയർസെക്കന്ററി തുല്യത പരീക്ഷക്ക് പഠിതാക്കളുടെ അഭാവത്തിൽ സാക്ഷരത മിഷൻ ഡയറക്ടർക്ക് രജിസ്ട്രേഷൻ ഫീസിനത്തിൽ 17150/-രൂപ ഒടുക്കിയതിന് രേഖാമൂലം വിശദീകരണവും, അല്ലാത്തപക്ഷം 2020-21വർഷത്തിൽ പത്താംതരം, ഹയർസെക്കന്ററി തുല്യത പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ രജിസ്ട്രേഷൻ സാക്ഷ്യപത്രം,പരീക്ഷ സംബന്ധമായ രേഖകൾ എന്നിവയും പരിശോധനയ്ക്ക് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ പഠിതാക്കളുടെ അഭാവത്തിൽ സാക്ഷരത മിഷൻ ഡയറക്ടർക്ക് രജിസ്ട്രേഷൻ ഫീസിനത്തിൽ ഒടുക്കിയ 17150/-രൂപ അംഗീകരിക്കുന്നില്ല.ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

എൻക്വയറി നം-4/23.5.21

നിരാകരണം- 17,150/-രൂപ

1-16 വീട്പുനരുദ്ധാരണം-രേഖകളുടെ അഭാവത്തിൽ 11,19,249/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2020-21 വർഷത്തിൽ വി.ഇ.ഒ. നിർവ്വഹണം നടത്തിയ വീട് പുനരുദ്ധാരണം പദ്ധതിയിൽ ഗുണഭോക്താവിന്റെയോ, എൽ.എസ്.ജി.ഡി. എഞ്ചിനിയറിംഗ് വിഭാഗത്തിന്റെയോ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലല്ല പ്രവൃത്തി ചെയ്തിരിക്കുന്നത്. കൂടാതെ, എൽ.എസ്.ജി.ഡി. അസി.എഞ്ചിനിയർ /ഓവർസിയറിന്റെ മെഷർമെന്റ് ഉൾപ്പെടെയുള്ള വാല്യുവേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല.ആയതിനാൽ പ്രവൃത്തി ചെയ്തതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതി സംബന്ധമായ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

1) വീട് പുനരുദ്ധാരണം (ജനറൽ)

പ്രോജക്റ്റ് നമ്പർ-S0029/21

അടങ്കൽ തുക-390000/-രൂപ
ചെലവ്-315000/-രൂപ (വികസനഫണ്ട് -ജനറൽ- 1,18,275/-രൂപ, ധനകാര്യകമ്മീഷൻ ഗ്രാന്റ്-1,96,725/-രൂപ)
പദ്ധതി മാർഗ്ഗരേഖപ്രകാരം പരമാവധി 1,00,000/-രൂപവരെ നൽകാമെന്നിരിക്കെ ഒരു ഗുണഭോക്താവിന് 30,000/-രൂപ നിരക്കിലാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. ടി പദ്ധതിചെലവിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| ഗുണഭോക്താവിന്റെ പേരുവിവരം | തുക(₹) | ബിൽനം/ ചെക്ക് നം |
|---|---|---|
| ശ്രീമതി.കുഞ്ഞുമോൾ,<br>ചരുവിള പുത്തൻ വീട്, താഴത്തുവടക്ക്. | 15000/-<br>15000/- | 53/28.1.21<br>74/13.3.21 |
| ശ്രീമതി. റജിനജോൺ,<br>മലയിൽ പുത്തൻവീട്, ഗോവിന്ദമഠം. | 15000/-<br>15000/- | 47/12.1.21<br>74/13.3.21 |
| ശ്രീമതി. മേരികുട്ടി, മുട്ടത്തിൽ<br>പടിഞ്ഞാറ്റതിൽ,ചെളിക്കുഴി. | 15000/-<br>15000/- | 46/11/1/21<br>84/22/3/21 |
| ശ്രീമതി. രാധാമണിയമ്മ, മനുഭവനം, മാർക്കറ്റ്. | 15000/-<br>15000/- | 31/12.10.20<br>46/11.1.21 |
| ശ്രീ. സുഗതൻ, പാലതുണ്ടിൽ വീട്, മണയറ. | 15000/-<br>15000/- | 74/13.3.21<br>89/26.3.21 |
| ശ്രീ.മോഹൻകുമാർ, പനംത്തോട്ടത്ത്, മാലൂർ | 15000/- | 74/13.3.21 |
| ശ്രീമതി. വത്സലാമ്മ, തേവരഴികത്ത്, വട്ടക്കാല. | 15000/-<br>15000/- | 84/22.3.21<br>89/26.3.21 |
| ശ്രീമതി. മറിയംബീവി,<br>ചെറുകുന്നിൽ വീട്, മീനംവടക്കേക്കര | 15000/- | 82/22.3.21 |
| ശ്രീമത.ഓമന.ബി, മൈലാട്ടുംപറമ്പ്,കടുവത്തോട് | 15000/-<br>15000/- | 74/13.3.21<br>84/22.3.21 |
| ശ്രീമതി. പ്രസന്നകുമാരി, ദീപുനിവാസ്, ഏറത്ത് വടക്ക്. | 15000/-<br>15000/- | 47/12.1.21<br>74/13.3.21 |
| ശ്രീമതി. മണിയമ്മ,<br>ബാബുരാജ് വിലാസം, തെങ്ങമൺമഠം. | 15000/-<br>15000/- | 31/12.10.20<br>34/24.11.20 |
| ശ്രീമതി.രമാദേവിയമ്മ,<br>ശ്രീജിത്ത് ഭവനം,മെതുകുമ്മേൽ. | 15000/- | 46/11.1.21 |
| | 315000/- | |

2) വീട് പുനരുദ്ധാരണം (എസ്.സി)
പ്രോജക്റ്റ് നമ്പർ-S0044/21
അടങ്കൽ തുക-6,50,000/-രൂപ
ചെലവ്-4,80,000/-രൂപ (വികസനഫണ്ട് -എസ്.സി )
പദ്ധതി മാർഗ്ഗരേഖപ്രകാരം പരമാവധി 1,50,000/-രൂപവരെ നൽകാമെന്നിരിക്കെ ഒരു ഗുണഭോക്താവിന് 50,000/-രൂപ നിരക്കിലാണ് ആനുകൂല്യം നൽകിയിരിക്കുന്നത്.ടി പദ്ധതിചെലവിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| ഗുണഭോക്താവിന്റെ പേരുവിവരം | തുക(₹) | ബിൽനം/ ചെക്ക് നം |
|---|---|---|
| ശ്രീമതി. സരസ്വതി. ആദർശാലയം, താഴത്തുവടക്ക്. | 25000/-<br>25000/- | 44/18.1.21<br>59/16.2.21 |
| ശ്രീമതി. രാധ. ആർ<br>ശബരീഷ് നിലയം , ഗോവിന്ദമഠം. | 25000/-<br>25000/- | 41/25.1.21<br>65/20.2.21 |
| ശ്രീമതി.തങ്കമ്മ, തെക്കേചരിഞ്ഞവിള<br>മേലതിൽ മാർക്കറ്റ് | 25000/-<br>25000/- | 45/22.1.21<br>75/15.3.21 |
| ശ്രീമതി. പൊടിച്ചി, വാലുതുണ്ടിൽ, മാലൂർ | 25000/-<br>25000/- | 51/28.1.21<br>75/15.3.21 |
| ശ്രീമതി. തങ്കമ്മ,എം, പൂവണ്ണംവിളയിൽ, കരിമ്പാലൂർ | 25000/-<br>25000/- | 51/28.1.21<br>89/26.3.21 |
| ശ്രീമതി. രാധ. കെ,<br>ചരുവിളജയൻഭവനം, മീനംവടക്കേക്കര | 25000/-<br>25000/- | 41/22.1.21<br>59/16.2.21 |
| ശ്രീമതി. ഭാരതി.കെ,<br>ചാമക്കാലമേലതിൽ, കടുവത്തോട് | 25000/-<br>25000/- | 41/22.1.21<br>62/20.2.21 |
| ശ്രീ. ശശിധരൻ, കോട്ടമൽമേലതിൽ, ഏറത്ത് വടക്ക് | 25000/-<br>25000/- | 41/22.1.21<br>62/20.2.21 |
| ശ്രീമതി. ഇന്ദിര പാലവിളവീട്, മെതുകുമ്മേൽ. | 25000/-<br>25000/- | 44/18.1.21<br>62/20.2.21 |
| ശ്രീമതി. ഷീജ.കെ.സി. ചെറുമല വടക്കേക്കര,<br>കരിമ്പാലൂർ. | 25000/-<br>5000/- | 45/22.1.21<br>89/26.3.21 |
| | 480000/- | |

3) വീട് മേൽക്കൂര മാറ്റിവയ്ക്കൽ (എസ്.സി)

പ്രോജക്ട് നമ്പർ-S0040/21

അടങ്കൽ തുക-5,20,000/-രൂപ

ചെലവ്-3,24,249/-രൂപ(വികസനഫണ്ട് -എസ്.സി )

പദ്ധതി മാർഗ്ഗരേഖപ്രകാരം പരമാവധി 1,00,000/-രൂപവരെ നൽകാമെന്നിരിക്കെ

ഒരു ഗുണഭോക്താവിന് 40,000/-രൂപ നിരക്കിലാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. ടി പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| ഗുണഭോക്താവിന്റെ പേരുവിവരം | തുക(₹) | ബിൽനം/ ചെക്ക് നം |
|---|---|---|
| ശ്രീമതി. രാധ രാഹുൽഭവനം, താഴത്തു വടക്ക് | 20000/-<br>20000/- | 32/13.10.20<br>39/11.1.21 |
| ശ്രീമതി. സുകുമാരി, പാലവിളവീട്, മാർക്കറ്റ് | 20000/-<br>20000/- | 39/11.1.21<br>76/22.3.21 |
| ശ്രീമതി. സുലോചന, ശിവവിലാസം, മാലൂർ | 20000/-<br>20000/- | 39/11.1.21<br>87/24.3.21 |
| ശ്രീമതി. ഓമന, മുരുപ്പേൽവീട്, കരിമ്പാലൂർ | 20000/-<br>20000/- | 66/8.3.21<br>87/24.3.21 |
| ശ്രീ.ചെല്ലപ്പൻ, ചരുവിളവീട്,വട്ടക്കാല | 20000/- | 52/28.1.21 |
| ശ്രീ.ശശിധരൻ, ദേവികാസദനം, മീനംവടക്കേക്കര | 20000/-<br>4249/- | 52/28.1.21<br>91/26.3.21 |
| ശ്രീമതി.ലീലാമണി, സന്തോഷ് ഭവനം, കടുവത്തോട്. | 20000/-<br>20000/- | 32/13.10.20<br>39/11.1.21 |
| ശ്രീമതി.അമല.എസ്, അപ്പുനിവാസ്, ഏറത്ത് വടക്ക്. | 20000/-<br>20000/- | 39/11.1.21<br>60/15.2.21 |
| ശ്രീമതി.ശാന്ത, കരിമ്പാലൂർ വടക്കേക്കര, കരിമ്പാലൂർ | 20000/-<br>20000/- | 76/22.3.21<br>87/24.3.21 |
| | 324249/- | |

വീട് മേൽക്കൂര മാറ്റിവയ്ക്കൽ (എസ്.സി) പദ്ധതിയിലുൾപ്പെട്ട ശ്രീ.ചെല്ലപ്പൻ, ചരുവിളവീട്, വട്ടക്കാല എന്ന ഗുണഭോക്താവ് നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല.

മേൽ പദ്ധതികൾ പ്രകാരം കൂടുതൽ ഗുണഭോക്താക്കൾക്ക് കുറഞ്ഞ തുക ആനുകൂല്യം നൽകിയതിനാൽ ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട ആനുകൂല്യം പൂർണ്ണമായും ലഭിക്കാത്ത സാഹചര്യമാണ് സംജാതമാകുന്നത്. ആയതിലേക്ക് ഗ്രാമപഞ്ചായത്ത് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.എൽ.എസ്.ജി.ഡി. എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ എസ്റ്റിമേറ്റ്, മെഷർമെന്റ് ഉൾപ്പെടെയുള്ള വാല്യുവേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ രേഖകളുടെ അഭാവത്തിൽ 11,19,249/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സം-11,19,249/-രൂപ

എൻക്വയറി നം-5 23.5.21

1-17 കിണർ വക്ക് കെട്ട്, വിവാഹധനസഹായം എന്നീ പദ്ധതി നിർവ്വഹണം- രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല.

1) കിണർ വക്ക് കെട്ട് (എസ്.സി)

പ്രോജക്ട് നമ്പർ-SO048/21

അടങ്കൽ തുക-30000/-രൂപ

ചെലവ്-30000/-രൂപ (വികസനഫണ്ട് -എസ്.സി.പി)

നിർവ്വഹണം- വി.ഇ.ഒ.

പട്ടികജാതി വിഭാഗത്തിൽപ്പട്ട മൂന്ന് ഗുണഭോക്താക്കൾക്ക് 10,000/-രൂപ നിരക്കിൽ നൽകുന്നതാണ് പദ്ധതി. ആയതിൽ ഒരു ഗുണഭോക്താവ് താഴെപ്പറയും പ്രകാരമുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ഗുണഭോക്താവിന്റെ പേരുവിവരം | ലഭിച്ച തുക (₹) | ബിൽനം തിയതി | റിമാർക്സ് |
|---|---|---|---|
| ലതസുധാകരൻ വലിയവീട്, ചെളിക്കുഴി,പി.ഒ | 10,000/- | 61/16.2.21 | ജാതി തെളിക്കുന്ന സാക്ഷ്യപത്രം, പരിശോധനയ്ക്ക് ഹാജരാക്കിയ റേഷൻ കാർഡിൽ ഗുണഭോക്താവിന്റെ പേര് ഉൾപ്പെട്ടിട്ടില്ല. |

2) വിവാഹധനസഹായം (എസ്.സി)

പ്രോജക്ട് നമ്പർ-SO139/21

അടങ്കൽ തുക-1,50,000/-രൂപ

ചെലവ്-1,50,000/-(വികസനഫണ്ട് -എസ്.സി.പി)

നിർവ്വഹണം- വി.ഇ.ഒ.

പട്ടികജാതി വിഭാഗത്തിൽപ്പട്ട 4 ഗുണഭോക്താക്കൾക്ക് 75,000/-രൂപ നിരക്കിൽ നൽകുന്നതാണ് പദ്ധതി. ആയതിൽ ഒരു ഗുണഭോക്താവ് താഴെപ്പറയും പ്രകാരമുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ഗുണഭോക്താവിന്റെ പേരുവിവരം | ലഭിച്ച തുക (₹) | ബിൽനം തിയതി | റിമാർക്സ് |
|---|---|---|---|
| ഉഷ, അശ്വതി ഭവനം, മാലൂർകോളജ്, മണയറ | 75,000/- | 90/26.3.21 | വിവാഹ സാക്ഷ്യപത്രം |

മേൽ പദ്ധതി നിർവ്വഹണത്തിന് ആധാരമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ രേഖകളുടെ അഭാവത്തിൽ 85,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സം-85,000/-രൂപ

എൻക്വയറി നം- 6 23.5.21

1-18 ഇ-ടെണ്ടർ ഫാറവില തിരികെ ഈടാക്കിയിട്ടില്ല.

2018-19, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തതിന്റെ

ടെണ്ടർ ഫീ ഇനത്തിൽ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ള 95,043/-രൂപ നാളിതുവരെ പഞ്ചായത്ത് അക്കൗണ്ടിൽ തിരികെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തുക (രൂപ) |
|---|---|
| 2018-19 | 36736/- |
| 2019-20 | 13710/- |
| 2020-21 | 44597/- |
| ആകെ | 95043/- |

മുൻ വർഷ കുടിശ്ശിക ഉൾപ്പടെ പഞ്ചായത്തിനു ലഭിക്കേണ്ട പ്രസ്തുത തുക ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/24.5.2022) നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുക തിരികെ ലഭ്യമാക്കുന്നതിന് ഉടൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-19 മരാമത്ത് പ്രവൃത്തികൾ കരാർ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാതിരുന്നതിനുള്ള പിഴ ഈടാക്കിയില്ല- 26,581/-രൂ.

കരാർ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാത്ത മരാമത്ത് പ്രവൃത്തികളിൽ, കേരള പബ്ലിക്ക് വർക്സ് ഡിപ്പാർട്ടമെന്റ് മാന്വൽ 2012 ( G.O (P) No. 13/2012/PWD Dt. 1-2-2012), സെക്ഷൻ 2116.1 പ്രകാരം, Compensation For Delay/ Liquidated Charges ഇനത്തിൽ, വൈകിയ ഓരോ ആഴ്ചയ്ക്കും P.A.C തുകയുടെ 0.1% തുക അന്തിമ ബില്ലിൽ നിന്നും ഈടാക്കിയ ശേഷം മാത്രമേ കരാറുകാരന് തുക അനുവദിക്കാൻ പാടുള്ളൂ. ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ, പ്രവൃത്തികളുടെ

പൂർത്തീകരണ കാലയളവ് കൃത്യമായ കാരണങ്ങൾ രേഖപ്പെടുത്തി, പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നീട്ടി നൽകിയിട്ടുള്ളതായി കാണുന്നില്ല. നിയമാനുസൃതമായ പിഴ ഈടാക്കാതെ അവസാന ബിൽ തുക കരാറുകാരന് അനുവദിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് വിവരം | ഈടാക്കേണ്ട പിഴ (₹) | ഈടാക്കിയ പിഴ (₹) | ഈടാക്കാൻ അവശേഷിക്കുന്ന പിഴ (₹) |
|---|---|---|---|---|
| 1 | പ്രോജക്ട് നം.194/21<br>ഗവ.യു.പി.എസ്, ഏറത്തുവടക്ക് നവീകരണം<br>അടങ്കൽ തുക- 179567/- (വികസനഫണ്ട്-ജനറൽ)<br>ചെലവ് തുക-160462/- (Bill No. 97/20-21/25.2.21)<br>കരാറുകാരൻ- ശ്രീ. കെ.ഉദയൻ<br>എഗ്രിമെന്റ് നം. 39/AE/LSGD/PZHY(N) /19-20 Dt.23.12.2019<br>ടി.എസ്.നം. 81393/19-20<br>എം.ബുക്ക് നം. 90/19-20, 91/19-20 | 160328x0.1%x226/7 =5176/- | 1783/- | 3393/- |

| | | | | |
|---|---|---|---|---|
| | എഗ്രീഡ് PAC- 160328/-<br>ആകെ പ്രവൃത്തി മൂല്യം- 159366/-<br>പ്രവൃത്തി ആരംഭിച്ച തീയതി-23.12.2019<br>പ്രവൃത്തിക്ക് അനുവദിച്ച കാലയളവ്-90 ദിവസം<br>കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി-22.3.2020.<br>പ്രവൃത്തി പൂർത്തീകരിച്ച തീയതി- 3.11.2020<br>(M.Book-90/19-20 Page No.45 പ്രകാരം)<br>വൈകിയ കാലയളവ്- 226 ദിവസം. | | | |
| 2 | പ്രോജക്ട് നം.187/21<br>വരവശ്ശേരി വിള കല്ലുവിളയത്തിൽ റോഡ് കോൺക്രീറ്റിംഗ്.<br>അടങ്കൽ തുക- 236207/-(M.G.Road)<br>ചെലവ് തുക-236207/-(Bill No. 35/20-21 /15.10.20)<br>കരാറുകാരൻ- ശ്രീ. കൃഷ്ണകുമാർ.കെ.ആർ.<br>എഗ്രിമെന്റ് നം.31/AE/LSGD/PZHY(N) /19-20 Dt.25.11.2019<br>ടി.എസ്.നം. 43491/19-20<br>എം.ബുക്ക് നം. 43/19-20<br>എഗ്രീഡ് PAC- 210899/-<br>ആകെ പ്രവൃത്തി മൂല്യം- 222961/-<br>പ്രവൃത്തി ആരംഭിച്ച തീയതി-25.11.19<br>പ്രവൃത്തിക്ക് അനുവദിച്ച കാലയളവ്-90 ദിവസം<br>കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി-23.2.2020.<br>പ്രവൃത്തി പൂർത്തീകരിച്ച തീയതി- 15.6.2020<br>(M.Book Page No.3 പ്രകാരം)<br>വൈകിയ കാലയളവ്- 112ദിവസം. | 210899x0.1%x112/7 =3374/- | 2230/- | 1144/- |
| 3 | പ്രോജക്ട് നം.199/21<br>ചാണിക്കൽ ഏലാ റോഡ് കോൺക്രീറ്റിംഗും സംരക്ഷണഭിത്തി നിർമ്മാണവും.<br>അടങ്കൽ തുക- 343000/-<br>(Bolck Share-30000/+MGR-43000/-) | 306045x0.1%x203/7 =8875/- | --- | 8875/- |

| | | | | | |
|---|---|---|---|---|---|
| | ചെലവ് തുക-324290/-(Bill No. 37/20-21 /23.10.20-43000/-, Bill No.38/20-21 /23.10.20- 281290/-)<br>കരാറുകാരൻ- ശ്രീ. ശശി.എസ്<br>എഗ്രിമെന്റ് നം.1750/AE/LSGD/PZHY(N) /19-20 Dt.23.12.19<br>ടി.എസ്.നം. 70085/19-20<br>എം.ബുക്ക് നം. 78/19-20<br>എഗ്രീഡ് PAC- 306045/-<br>ആകെ പ്രവൃത്തി മൂല്യം- 337465/-<br>പ്രവൃത്തി ആരംഭിച്ച തീയതി-232.12.19<br>പ്രവൃത്തിക്ക് അനുവദിച്ച കാലയളവ്-90 ദിവസം<br>കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി-23.3.2020.<br>പ്രവൃത്തി പൂർത്തീകരിച്ച തീയതി- 12.10.2020<br>(M.Book Page No.10പ്രകാരം)<br>വൈകിയ കാലയളവ്- 203ദിവസം. | | | | |
| 4 | പ്രോജക്ട് നം.186/21<br>വെട്ടിക്കൽപടി പ്ലാവിളയിൽ റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ തുക- 302054/-(വികസനഫണ്ട്-ജനറൽ)<br>ചെലവ് തുക-160462/-(Bill No. 34/20-21 /15.10.20)<br>കരാറുകാരൻ- ശ്രീ. കെ.ആർ.കൃഷ്ണകുമാർ<br>എഗ്രിമെന്റ് നം.30/AE/LSGD/PZHY(N) /19-20 Dt.25.11.2019<br>ടി.എസ്.നം. 19882/19-20<br>എം.ബുക്ക് നം. 42/19-20<br>എഗ്രീഡ് PAC- 269691/-<br>ആകെ പ്രവൃത്തി മൂല്യം- 279037/-<br>പ്രവൃത്തി ആരംഭിച്ച തീയതി-25.11.2019<br>പ്രവൃത്തിക്ക് അനുവദിച്ച കാലയളവ്-90 ദിവസം<br>കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി-23.2.2020.<br>പ്രവൃത്തി പൂർത്തീകരിച്ച തീയതി- | 269691x0.1%x117/7 =4508/- | 2851/- | 1657/- | |

| | | | | |
|---|---|---|---|---|
| | 19.6.2020<br>(M.Book Page No.6പ്രകാരം)<br>വൈകിയ കാലയളവ്- 117ദിവസം. | | | |
| 5 | പ്രോജക്ട് നം.182/21<br>മണമ്പൂവിള അഞ്ചുമല റോഡ്<br>കോൺക്രീറ്റിംഗ്<br>അടങ്കൽ തുക- 1000000/-(MG Road)<br>ചെലവ് തുക-997225/-(Bill No. 45/20-21 /12.11.20-497106/-, Bill No.71/20-21 /27.11.20-500119/-)<br>കരാറുകാരൻ- ശ്രീ. ശശി. എസ്.<br>എഗ്രിമെന്റ് നം.56/AE/LSGD/PZHY(N) /18-19 Dt.26.2.2019<br>ടി.എസ്.നം. 3328/18-19<br>എം.ബുക്ക് നം. 4/19-20<br>എഗ്രീഡ് PAC- 997225/-<br>ആകെ പ്രവൃത്തി മൂല്യം- 997225/-<br>പ്രവൃത്തി ആരംഭിച്ച തീയതി-26.2.2019<br>പ്രവൃത്തിക്ക് അനുവദിച്ച കാലയളവ്-120 ദിവസം<br>കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി-26.6.2019.<br>പ്രവൃത്തി പൂർത്തീകരിച്ച തീയതി- 24.11.2020<br>(M.Book Page No.42പ്രകാരം)<br>വൈകിയ കാലയളവ്- 151ദിവസം. | 997225x0.1%x151/7 =21512/- | 10000/- | 11512/- |
| ആകെ | | | | 26,599/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.12/24.5.2022) മറുപടിയിൽ കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിലാണ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതിരുന്നത് എന്ന് പരാമർശിച്ചിരിക്കുന്നു. എന്നാൽ മേൽ പരാമർശിച്ച പ്രവൃത്തികളെല്ലാം തന്നെ കോവിഡ് വ്യാപനം രൂക്ഷമാകുന്നതിനു മുമ്പ് പൂർത്തിയാകത്തക്ക വിധത്തിൽ എഗ്രിമെന്റ് വച്ചതായതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കാൻ കഴിയുകയില്ല. ആയതിനാൽ നിയമാനുസൃത പിഴയായ 26,599/ രൂ. ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

1-20 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ₹5,00,000/- ടെ ചെലവ് തടസ്സപ്പെടുത്തുന്നു

താലൂക്ക് ആശുപത്രി നിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിന് പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നല്കുന്നതിന് പ്രോജക്ട് നം.223/21 പ്രകാരം സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഫണ്ടിൽ നിന്നും ₹5,00,000/- അലോട്ട് മെന്റ് നം. 487/30.03.21 പ്രകാരം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തുക അനുവദിച്ചിട്ടുണ്ട്. ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണകുറിപ്പ് നല്കിയെങ്കിലും ആയത് പരിശോധനയ്ക്ക്

ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹5,00,000/- ടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

അന്വേഷണകുറിപ്പ് -നം.07/21-23.05.22

1-21 തെരുവുവിളക്കുകളുടെ പരിപാലനം- രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതായിട്ടുള്ള തെരുവുവിളക്കുകളുടെ വിവരങ്ങൾ (എണ്ണം, പോസ്റ്റ് നമ്പർ തുടങ്ങിയവ) രേഖപ്പെടുത്തിയ രജിസ്റ്റർ, കംപ്ലയിന്റ്സ് രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ്, എന്നിവ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല.

അടാട്ട് മാതൃകയിൽ തെരുവുവിളക്കുകളുടെ പരിപാലനം നടത്തുന്നത് സംബന്ധമായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച 17.08.15 ലെ ജി.2-44274/15 നമ്പർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചതായിട്ടും കാണുന്നില്ല. തെരുവിളക്കുകളുടെ അറ്റകുറ്റ പണികൾ നടത്തുമ്പോൾ ലഭിക്കുന്ന കേടായ സാധനങ്ങൾ 'രജിസ്റ്റർ ഓഫ് അൺ സർവീസബിൾ ഐറ്റംസ്' എന്ന രജിസ്റ്ററിൽ ചേർക്കണമെന്നും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള 'സ്റ്റോക്ക് ഇൻ രജിസ്റ്ററും' 'സ്റ്റോക്ക് ഔട്ട് രജിസ്റ്ററും' റീകൺസൈൽ ചെയ്യുന്നുവെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണമെന്നുമുള്ള നിർദ്ദേശം പാലിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ ഏതിനം തെരുവ് വിളക്കുകൾ എത്രയെണ്ണം എന്ന കണക്കാക്കിയാണ് കെ. എസ് .ഇ .ബി താരിഫ് നിശ്ചയിച്ചിട്ടുള്ളതെന്നും ആയത് യഥാർത്ഥത്തിലുള്ള എണ്ണവുമായി പൊരുത്തപ്പെടുന്നുണ്ടോയെന്നും വ്യക്തമല്ല. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്( നം.7/2020-21 23.05.22 ) തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത് .

ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലാ നിർവ്വഹണത്തിന്റെ ഭാഗമായ തെരുവുവിളക്കുകളുടെ പരിപാലനം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ ഇനത്തിൽ സാധന സാമഗ്രികൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്ററിലെ ബാലൻസ് , ഫിസിക്കൽ വെരിഫിക്കേഷൻ എന്നിവ നടത്തി ആവശ്യകത നിർണ്ണയിച്ച മാത്രമാണ് പർച്ചേസുകൾക്ക് അനുവാദം നല്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതാണ്. തെരുവു വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് മെമ്പറന്മാരുടെ സാന്നിധ്യത്തിൽ കെ. എസ്. ഇബി അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതും മേൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചതിന്റെ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

അന്വേഷണക്കുറിപ്പ് - നം. 7/21- 23.05.22

1-22 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക ബി-18 ഷെഡ്യൂൾ പ്രകാരം വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കെഎസ് ഇബി ലിമിറ്റഡിൽ ₹7,40,745/- വിവിധ വർഷങ്ങളിലായി നിക്ഷേപിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും തുകകളുടെ വിനിയോഗ വിവരവും ലഭ്യമാക്കുന്നതിനും പ്രോജക്ട് ഫയലുകൾ വിശദാംശങ്ങൾ സഹിതം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.07/20-21 23.05.22) മുഖേന ആവശ്യപ്പെട്ടതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാലാണ് പ്രസ്തുത തുകകൾ ക്രമീകരിച്ചിട്ടില്ലാത്തതെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിലെ പ്രോജക്ടുകളുടെയും തുകകളുടെയും വിവരങ്ങൾ ഗ്രാമപഞ്ചായത്തിലെ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 460500202 എന്ന ഹെഡിന്റെ ലഡ്ജറിലെ എൻട്രികൾ പരിശോധിച്ചതിൽ 21.01.2015 തീയതി മുതലുള്ള തുകകൾ ക്രമീകരിച്ചിട്ടില്ലായെന്ന് കാണുന്നു. ആയതിനാൽ ബന്ധപ്പെട്ട പ്രോജക്ടുകളുടെ ഫയലുകൾ പ്രവൃത്തികളുടെ പൂർത്തീകരണ വിവരവും

തുകകളുടെ വിനിയോഗ സാക്ഷ്യപത്രവും സഹിതം ലഭ്യമാക്കേണ്ടതും അഡ്വാൻസ് തുകകൾ ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്.

1-23 വിനിയോഗ വിവരം ലഭ്യമല്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനം എന്ന പ്രോജക്ടിനായി (നം.13/21) വികസന ഫണ്ടിൽ നിന്നും ₹3,50,000/-(ബിൽ നം.01/2020-21/ 29.01.20-പൊതു വിഭാഗം) പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടർ പേർക്ക് അനുവദിച്ചു. ചെളിക്കുഴി ക്ഷീര സംഘം വഴി ഇരുപത്തിയെട്ട് ഗുണഭോക്താക്കളുടെ കന്ന് കുട്ടികൾക്ക് കാലിതീറ്റ സബ്സിഡി അനുവദിക്കുന്നതിനാണ് തുക ഒടുക്കിയിട്ടുള്ളത്. തുകയുടെ കൈപ്പറ്റ് വിവരം, വിനിയോഗവിവരം ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ച് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 8/2020-21 23.05.22 ) യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹3,50,000/-ടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ പരാമർശിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 പത്താംതരം, ഹയർസെക്കന്ററി തുല്യത-ഒരിക്കൽ രജിസ്റ്റർ ചെയ്ത പഠിതാക്കളെ ഉൾപ്പെടുത്തി വീണ്ടും രജിസ്ട്രേഷന് തുക ചെലവഴിച്ചു.

പ്രോജക്ട് നമ്പർ-S0091/21

അടങ്കൽ തുക – 17,150/-രൂപ (വികസനഫണ്ട്-ജനറൽ)

ചെലവ്-17,150/-രൂപ

ബിൽനം തിയതി-06/20-21 ,18.3.21

നിർവ്വഹണം-ഹെഡ് മാസ്റ്റർ

2020-21 വർഷത്തിൽ പത്താംതരം, ഹയർസെക്കന്ററി തുല്യത പരീക്ഷ രജിസ്ട്രേഷൻ ഫീസിനത്തിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചു.

| ഇനം | ഒരു പഠിതാവിന്റെ രജിസ്ട്രേഷൻ ഫീസ്(₹) | ആകെ (₹) |
|---|---|---|
| പത്താംതരം തുല്യത | 1,850/- | 7,400/-(4*1850) |
| ഹയർസെക്കന്ററി തുല്യത | 1,950/- | 9,750/-(1950*5) |
| ആകെ | | 17,150/- |

2019-20 വർഷത്തിൽ രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ രജിസ്ട്രേഷൻ സാക്ഷ്യപത്രം, ഹാൾടിക്കറ്റ് എന്നിവയാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. 2020-21വർഷത്തിൽ പത്താംതരം, ഹയർസെക്കന്ററി തുല്യത പരീക്ഷക്ക് പഠിതാക്കളുടെ അഭാവത്തിൽ സാക്ഷരത മിഷൻ ഡയറക്ടർക്ക് രജിസ്ട്രേഷൻ ഫീസിനത്തിൽ 17,150/-രൂപ ഒടുക്കിയതിന് രേഖാമൂലം വിശദീകരണവും, അല്ലാത്തപക്ഷം 2020-21വർഷത്തിൽ പത്താംതരം, ഹയർസെക്കന്ററി തുല്യത പരീക്ഷക്ക് രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ

രജിസ്ട്രേഷൻ സാക്ഷ്യപത്രം, പരീക്ഷ സംബന്ധമായ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പഠിതാക്കളുടെ അഭാവത്തിൽ സാക്ഷരത മിഷൻ ഡയറക്ടർക്ക് രജിസ്ട്രേഷൻ ഫീസിനത്തിൽ ഒടുക്കിയ 17,150/-രൂപ അംഗീകരിക്കുന്നില്ല.ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

എൻക്വയറി നം-4/ 23.5.21

നിരാകരണം- 17,150/-രൂപ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 21.05.2021, 23.05.2021 | കെ.എസ്.എ.കെ.എൽ.എം.പി.9/993/2022 തീയതി 21.07.2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 50,796/- | ഹരിതകേരളം - സമഗ്ര നെൽകൃഷി വികസനം | 50,796/- | - |
| | | 53,618/- | ഹരിതകേരളം - സമഗ്ര നെൽകൃഷി വികസനം | 53,618/- | - |
| | | 1,00,000/- | കിഴങ്ങുവർഗ്ഗ കൃഷി പ്രോത്സാഹന പദ്ധതി | 1,00,000/- | - |
| | | 2,57,046/- | ലൈഫ് മിഷൻ - ഭൂമി വാങ്ങലും ഭവന നിർമ്മാണവും (എസ്.സി.പി.) | 2,57,046/- | - |
| | | 14,00,000/- | ലൈഫ് മിഷൻ - ഭൂമി വാങ്ങലും ഭവന നിർമ്മാണവും | 14,00,000/- | - |
| | | 2,00,000/- | വയോജനങ്ങൾക്ക് കട്ടിൽ | 2,00,000/- | - |
| | | 2,96,151/- | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി | 2,96,151/- | - |
| | | 1,88,816/- | ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 1,88,816/- | - |
| | | 2,93,602/- | മാലൂർ ജി.യു.പി.എസ്. ശതാബ്ദി ഗേറ്റ് | 2,93,602/- | - |
| | | 3,00,000/- | പാറപ്പുഴ – മാങ്കുന്നിമല റോഡ് കോൺക്രീറ്റിംഗ് | 3,00,000/- | - |
| | | 31,744/- | എൽ.പി.എസ്. താഴത്ത് വടക്ക് സ്മാർട്ട് ക്ലാസ്സ് റൂം | 31,744/- | - |
| | | 2,81,290/- | ചാണിക്കൽ ഏല റോഡ് കോൺക്രീറ്റിംഗും സംരക്ഷണഭിത്തി നിർമ്മാണവും | 2,81,290/- | - |

| | | | | | |
|---|---|---|---|---|---|
| | | 4,89,813/- | ചെമ്പരത്തിമുക്ക് - പാലക്കോണത്ത് റോഡ് സൈഡ് കെട്ട് മണ്ണ് ഫില്ലിംഗ് രണ്ടാം ഘട്ടം | 4,89,813/- | - |
| | | 1,62,016/- | എൽ.പി.എസ്. താഴത്ത് വടക്ക് സ്മാർട്ട് ക്ലാസ്സ് റൂമിലേക്ക് ഫർണ്ണിച്ചർ | 1,62,016/- | - |
| | | 5,17,808/- | പാൽ വില സബ്സിഡി | 5,17,808/- | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 71,068/- | സുഭിക്ഷകേരളം - പടുതാക്കുളത്തിലെ മത്സ്യകൃഷി | 71,068/- | - |
| | | 50,000/- | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി | 50,000/- | - |
| | | 50,000/- | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി | 50,000/- | - |
| | | 3,95,061/- | പാലിന് സബ്സിഡി | 3,95,061/- | - |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(₹) | ചെലവഴിച്ച തുക(₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 05/20-21<br>15.05.2020 | 1,41,708/- | 0 | 1,41,708/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 9,20,000/-രൂപ വരവുണ്ട്. മുൻബാക്കി 420/-രൂപയടക്കം 920420/-രൂപയിൽ 440000/-രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക(₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ.(സാധാ) 5105/2019 -തീ.01.08.2019 | 920000/- | 1743442/- | 395176/- | | 2268266/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 82,196/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക(₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 2.3 | 53,622/- | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 12010500025/23.12.2020 |
| 2014-15<br>2015-16 | 3.10 | 28,568/- | തഹസീൽദാർ,പത്തനാപുരം | 12001050028/23.02.2021 |
| 2018-19 | 1.21 | 6 | അസ്സിസ്റ്റന്റ് എഞ്ചിനീയർ | 120010101935/27.11.2020<br>120010101939/27.11.2020 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികയുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2(5) | 2016-17 | അദ്ധ്യായം 1 | വസ്തുനികുതി പിരിച്ചെടുക്കാൻ ശേഷിക്കുന്ന 6,64,596/- രൂപ സംബന്ധിച്ച് | മറുപടി നൽകിയിട്ടുണ്ട്. |
| 2014-15 | 2(4) | 2016-17 | അദ്ധ്യായം 2 | സ്ഥാപനതൊഴിൽനികുതി,ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാത്തത് | - |
| 2014-15 | 2(3) | 2016-17 | അദ്ധ്യായം 2 | സ്ഥാപന തൊഴിൽനികുതി ഈടാക്കാത്തത് | എല്ലാ സ്ഥാപനങ്ങളും ഒടുക്കിയിട്ടില്ല. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) - പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 17,150/- | ശ്രീമതി ബീന ജി. ഹെഡ്മിസ്ട്രസ് |

(ബി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 11,19,249/- | ശ്രീ.ബിനുകുമാർ റ്റി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-17 | 85,000/- | ശ്രീ.ബിനുകുമാർ റ്റി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-20 | 5,00,000/- | ശ്രീ.അരുൺ അലക്സാണ്ടർ, സെക്രട്ടറി |
| 1-23 | 3,50,000/- | ഡോ. അനീഷ് എം. കെ. വെറ്ററിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-14 | 68,400/-രൂപ (S.G.S.T-34,200 & C.G.S.T-34,200) |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അരുൺ അലക്സാണ്ടർ സെക്രട്ടറി | സെക്രട്ടറി പട്ടാഴി ഗ്രാമപ്പഞ്ചായത്ത് | നീലംവിള വീട്, കിഴക്കെതെരുവ് പി.ഒ, കൊട്ടാരക്കര |
| ശ്രീമതി ബീന ജി. ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ് ഗവ.എൽ.പി.എസ് | ശിവം, ഏഴംകുളം, പറക്കോട് പി.ഒ |
| ഡോ. അനീഷ് എം. കെ.വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, പട്ടാഴി വടക്കേക്കര ഗ്രാമപ്പഞ്ചായത്ത് | സംഗീത് ,കരിയറ പി. ഒ, പുനലൂർ- 691 332 |
| ശ്രീ.ബിനുകുമാർ റ്റി. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വെളിയം ഗ്രാമപ്പഞ്ചായത്ത് | ശ്രീകല മന്ദിരം, നല്ലില പി.ഒ, കുണ്ടറ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-2002 | കെ.എസ്.എ.കെ.എൽ.എം പി-9 -382(8)/18 Dt – 23.2.18 | 1 |
| 2002-2003 | കെ.എസ്.എ.കെ.എൽ.എം പി-9 -382(9)/18 Dt – 23.2.18 | 1 |
| 2003-2004 | കെ.എസ്.എ.കെ.എൽ.എം പി-9 -382(10)/18 Dt – 23.2.18 | 4 |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം പി-9 -382(11)/18 Dt – 23.2.18 | 6 |
| 2005-2006 | കെ.എസ്.എ.കെ.എൽ.എം പി-9 -382(12)/18 Dt – 23.2.18 | 3 |
| 2006-2007 | കെ.എസ്.എ.കെ.എൽ.എം പി-9 -745(1)/19 Dt – 31.5.2019 | 6 |
| 2007-2008 | കെ.എസ്.എ.കെ.എൽ.എം പി-9 -745(2)/19 Dt – 31.5.2019 | 8 |

| | | |
|---|---|---|
| 2008-2009 | കെ.എസ്.എ.കെ.എൽ.എം പി-9 -745(3)/19 Dt – 31.5.2019 | 4 |
| 2009-2010 | കെ.എസ്.എ.കെ.എൽ.എം പി-9 -745(4)/19 Dt – 31.5.2019 | 5 |
| 2010-2011 &2011-2012 | കെ.എസ്.എ.കെ.എൽ.എം പി-9 -745(5)/19 Dt – 31.5.2019 | 10 |
| 2012-2013 &2013-2014 | കെ.എസ്.എ.കെ.എൽ.എം പി-5 /1483/2015/ 17-09-15 | - |
| 2014-2015 | കെ.എസ്.എ.കെ.എൽ.എം പി-5 -1180/2016 Dt – 04-08-2016 | - |
| 2015 -2016 | കെ.എസ്.എ.കെ.എൽ.എം പി-5 -215/2017 Dt – 10-02-2017 | - |
| 2016 -2017 | കെ.എസ്.എ.കെ.എൽ.എം പി-9 -1928/2017 Dt – 21.11-2017 | - |
| 2017-2018 | കെ.എസ്.എ.കെ.എൽ.എം പി-9 -1928/2017 Dt – 21.11-2017 | - |
| 2018-19 | കെ.എസ്.എ.കെ.എൽ.എം പി-9 1508/2019/19.11.2019 | - |
| 2019-20 | കെ.എസ്.എ.കെ.എൽ.എം പി-9 1012/21/30.11.2021 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്